# THE SYRO-MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
MAJOR ARCHBISHOP-CATHOLICOS

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot. No. CCL 02/2020 20-03-2020

## കൊറോണ വൈറസ് (കോവിഡ്–19) ജാഗ്രത

ബഹുമാനപ്പെട്ട വൈദികരെ, സമർപ്പിതരെ,
പ്രിയ വിശ്വാസികളെ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സമാധാനം ഏവർക്കും ആശംസിക്കുന്നു. ആ സമാധാനം ഏവരെയും ഭരിക്കട്ടെ!

ലോകമെമ്പാടും കൊറോണ വൈറസ് വ്യാപിച്ചു കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ആരോഗ്യ സംരക്ഷണത്തിനും ജീവന്റെ നിലനിൽപ്പിനുമായി ഗവൺമെന്റും ഉത്തരവാദിത്തപ്പെട്ട ആരോഗ്യവകുപ്പ് അധികൃതരും മുൻപോട്ടു വയ്ക്കുന്ന എല്ലാ നിർദ്ദേശങ്ങളെയും കൃത്യമായി പാലിക്കുന്നതിന് ഏവരെയും ഹൃദയപൂർവ്വം ഞാൻ ആഹ്വാനം ചെയ്യുന്നു. ഇത്തരുണത്തിൽ സർക്കാരിന്റെ പ്രവർത്തനങ്ങളോടുള്ള നമ്മുടെ സഭയുടെ സഹകരണം അറിയിക്കുന്നു.

### സഭയിലെ അജപാലന ക്രമീകരണങ്ങൾ

1. കൊറോണ വൈറസ് വ്യാപിക്കുന്നത് തടയുന്നതിലേക്കായി ബഹു. പ്രധാനമന്ത്രി നിർദ്ദേശിച്ചതനുസരിച്ച് മാർച്ച് 22 ഞായർ 'ജനതാ കർഫ്യൂ' ഏവരും കൃത്യമായി പാലിക്കേണ്ടതാണ്. അന്നേദിവസം മുതൽ മാർച്ച് 31 വരെ ഞായറാഴ്ചകളിലും ഇടദിവസങ്ങളിലും വിശ്വാസികളുമായി ചേർന്നുള്ള വി. കുർബ്ബാനയോ ശുശ്രൂഷകളോ നമ്മുടെ ദൈവാലയങ്ങളിൽ ഉണ്ടായിരിക്കുന്നതല്ല.

എന്നാൽ ബഹു. വൈദികർ അവർ താമസിക്കുന്ന ഇടവകയിലോ സ്ഥാപനങ്ങളിലോ വി. കുർബ്ബാന അർപ്പിച്ച് ഈ പ്രത്യേക നിയോഗത്തിൽ പ്രാർത്ഥിക്കേണ്ടതാണ്. വിശ്വാസികൾക്കും സമർപ്പിതർക്കും വി.കുർബ്ബാന LIVE ആയി അവരവരുടെ

ഭവനങ്ങളിലിരുന്ന് സംബന്ധിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നത് അനുഗ്രഹപ്രദമാണ്.

2. മാർച്ച് 25 – വചനിപ്പു പെരുന്നാളാണല്ലോ. ബഹു. അച്ചന്മാർ അവരുടെ ഇടവകയിൽ വി. കുർബ്ബാന അർപ്പിക്കേണ്ടതാണ്. വിശ്വാസികൾ അവരുടെ ഭവനങ്ങളിൽ പ്രാർത്ഥനാപൂർവ്വം ആയിരിക്കുക. ആത്മീയമായി വി. കുർബാനയിൽ സംബന്ധിക്കുക.

3. ഞായറാഴ്ചകളിലെയും കടമുള്ള ദിവസങ്ങളിലെയും വി. കുർബ്ബാനയിൽ സജീവമായി സംബന്ധിക്കണമെന്നുള്ള സഭാ നിബന്ധനയിൽ (obligation) നിന്നും, കൊറോണ വൈറസ് വ്യാപിക്കുന്ന പശ്ചാത്തലത്തിൽ, ഞാൻ നമ്മുടെ സഭയിലെ വിശ്വാസികൾക്കും സന്യാസിനികൾക്കും വിടുതൽ (dispensation) നൽകുന്നു.

4. പരി. ഫ്രാൻസിസ് മാർപ്പാപ്പ തിരുമേനി ആഗ്രഹിച്ച് പറഞ്ഞതു പോലെ രോഗികളോട് പ്രത്യേക അജപാലന അടുപ്പം ബഹു. വൈദികർ കാണിക്കണം.

5. നമ്മുടെ സഭയിൽ ഈ വർഷത്തെ മദ്ധ്യവേനൽ അവധിക്കാലത്ത് ഇടവകകളിൽ MBOC ഉണ്ടായിരിക്കുന്നതല്ല. കുട്ടികളെ കൂട്ടമായി വിളിച്ചു ചേർക്കുന്ന ഒരു സംവിധാനവും അടുത്ത ഒരറിയിപ്പ് സഭാകേന്ദ്രത്തിൽ നിന്ന് ലഭിക്കുന്നതുവരെ പാടില്ലാത്തതാകുന്നു.

6. മൃതസംസ്കാര കർമ്മങ്ങൾ ഉണ്ടായാൽ, ശുശ്രൂഷയിൽ, ഏറ്റവും അടുപ്പമുള്ള ഒരു ചെറിയ സമൂഹം മാത്രം പങ്കുചേരുക. ഈ ക്രമീകരണം വിഷമകരമാണെങ്കിലും അതിന്റെ അർത്ഥം ബഹു. വൈദീകർ ജനങ്ങളെ ബോദ്ധ്യപ്പെടുത്തിക്കൊടുക്കുക.

7. ബഹു. വൈദികരും സന്യസ്തരും തങ്ങളെ ഭരമേൽപ്പിച്ചിട്ടുള്ള ഇടവകയിൽ/സന്യാസഭവനങ്ങളിൽ ദൈവജനത്തിനുവേണ്ടി കൂടുതൽ ദിവ്യകാരുണ്യ പ്രാർത്ഥന നടത്തണം.

8. യാമനമസ്ക്കാരവും നോമ്പും, ഉപവാസവും, ജാഗരണ പ്രാർത്ഥനയുമെല്ലാം ഈ നിയോഗത്തിലേക്ക് സമർപ്പിക്കണം. തിരുമണിക്കൂർ ആരാധന, ജപമാല പ്രാർത്ഥന, കരുണകൊന്ത, കുരിശിന്റെ വഴി ഇവയൊക്കെ അതിന്റെ തീവ്രതയിൽ വ്യക്തിപരമായി നടത്തണം. 51-ാം സങ്കീർത്തനം വ്യക്തിഗത പ്രാർത്ഥനയോടൊപ്പം കുടുംബ പ്രാർത്ഥനയിൽ ചേർത്ത് ചൊല്ലണം. നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന പ്രാർത്ഥന ആവർത്തിച്ചു ചൊല്ലേണ്ടതാണ്. "പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി" എന്ന ത്രിത്വസ്തുതി നമ്മുടെ നാവുകളിൽ നിന്ന് ഉയരട്ടെ!

9. വിശ്വാസികൾക്ക് ഒറ്റയ്ക്കോ, കുടുംബമായോ കടന്നുവന്ന് പ്രാർത്ഥിക്കുവാൻ ദൈവാലയം സമയാസമയങ്ങളിൽ തുറന്ന് നൽകണം. ദൈവാലയ പരിസരത്ത് കൂട്ടംകൂടി നിൽക്കുവാൻ പാടില്ല. അത് രോഗവ്യാപന സാദ്ധ്യത കൂട്ടുമെന്നറിയാമല്ലോ.

10. ആളുകൾ ഒന്നിച്ച് കൂടുന്ന ഒരു ചടങ്ങും 2020 മാർച്ച് 31 വരെ നടത്തരുത്.

11. നമ്മുടെ ദൈവാലയങ്ങളിൽ എല്ലാ ദിവസവും പതിവുസമയത്ത് ബഹു. വൈദികർ വി. കുർബാന അർപ്പിക്കേണ്ടതാണ്. പൗരോഹിത്യത്തിന്റെ അഭിഷേകം ദൈവജനത്തിനു മുഴുവൻ ലഭിക്കാൻ ബഹു. വൈദികർ വ്യക്തിപരമായി വി. കുർബ്ബാന എഴുന്നള്ളിച്ച് ലോകത്തിനു വേണ്ടി പ്രാർത്ഥിക്കണമെന്ന് ഞാൻ സ്നേഹത്തോടെ ബഹു. വൈദികരെ ഓർമ്മപ്പെടുത്തട്ടെ. വിശ്വാസികൾ സ്വഭവനത്തിൽ ആയിരുന്നുകൊണ്ട് ആത്മീയമായി അതിൽ സംബന്ധിക്കുവാൻ ശ്രദ്ധിക്കുക. ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ ബഹു. അച്ചൻമാർ നൽകുക.

12. കോവിഡ് 19 പ്രതിരോധത്തെ സംബന്ധിച്ച് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ നിർദ്ദേശങ്ങൾ ജാഗ്രതയോടെ പാലിക്കുക. നമ്മുടെ ഓഫീസുകളും സ്ഥാപനങ്ങളും ജാഗ്രതയോടെ ഇക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കണം.

13. രോഗം പകരുന്നതിനുള്ള സാദ്ധ്യത കൂടുതലായതിനാൽ 65 വയസ്സിനു മുകളിൽ പ്രായമുള്ളവരും 10 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളും ഗൗരവതരമായ രോഗമുള്ളവരും ദൈവാലയത്തിലെ ഒരു ശുശ്രൂഷയിലും പങ്കെടുക്കുവാൻ പാടില്ല.

14. ഞായറാഴ്ചകളിലെയോ മറ്റു ദിവസങ്ങളിലെയോ വി. കുർബ്ബാനയോ ശുശ്രൂഷകളോ ഭദ്രാസന തലത്തിലോ ഇടവക തലത്തിലോ live ആയി വിശ്വാസികൾക്ക് അതാത് ഭവനങ്ങളിൽ ലഭിക്കത്തക്ക ക്രമീകരണങ്ങൾ ബന്ധപ്പെട്ടവർ ഭദ്രാസനങ്ങളിൽ ചെയ്യേണ്ടതാണ്.

15. ഹാശാ ആഴ്ചയിലെ ക്രമീകരണങ്ങൾ താമസിയാതെ ഏവരെയും അറിയിക്കുന്നതാണ്.

**പ്രിയപ്പെട്ട വൈദിക സഹോദരങ്ങളേ,**
**സഭയിലെ സമർപ്പിതരേ, ദൈവമക്കളേ,**

തന്റെ ഏകജാതനെ നമുക്ക് ഔദാര്യത്തോടെ രക്ഷകനായി, ഇമ്മാനുവേലായി, യുഗാന്ത്യത്തോളം കൂടെയിരിക്കുന്നവനായി, പരിശുദ്ധ പരമദിവ്യകാര്യണ്യമായി നൽകിയ നമ്മുടെ ദൈവത്തിൽ നമുക്കുള്ള വിശ്വാസം സജീവമായി പ്രഘോഷിക്കുവാനും സാക്ഷ്യപ്പെടുത്തുവാനുമുള്ള പരീക്ഷണത്തിന്റെ ദിനങ്ങളിൽ നാം ആയിരിക്കുന്നു.

പ്രത്യാശയില്ലാത്ത മറ്റാളുകളെപ്പോലെ നാം പെരുമാറണമെന്നാണോ (1 തെസ 4/13) നമ്മെക്കുറിച്ച് സ്വർഗ്ഗം ആഗ്രഹിക്കുന്നത്? പാപത്തിൽ നിന്ന് നമ്മെ മോചിപ്പിച്ച, മരണത്തിൽ നിന്ന് നിത്യജീവനിലേക്ക് നമ്മെ നയിച്ച (എഫേ. 2/4-7) ദൈവത്തിലേക്ക് മടങ്ങി വരുന്നതിനുള്ള അനുതാപത്തിന്റെയും അഭിഷേകത്തിന്റെയും ദിനങ്ങളായി നമുക്കിതിനെ സ്വീകരിക്കാം. നെഹമിയായുടെ പുസ്തകത്തിലെ ഓർമ്മപ്പെടുത്തൽ ഈ ദിനങ്ങളിൽ അന്വർത്ഥമാണ്. (നെഹ.9) ദൈവത്തിന്റെ വചനം വായിക്കുകയും നമ്മുടെയും പൂർവ്വികരുടെയും ദൈവനിഷേധത്തിന് മാപ്പപേക്ഷിക്കുകയും ചെയ്ത ഒരു ജനതയുടെ പാഠം നമ്മുടെ കൺമുൻപിലിരിക്കട്ടെ!

ദൈവാലയങ്ങൾ വി. കുർബ്ബാനയുടെ അർപ്പണമില്ലാതെ അടഞ്ഞുകിടക്കുന്ന കാഴ്ച ലോകത്തിലെ ഏറിയ സ്ഥലങ്ങളിലും നാം കണ്ടുകൊണ്ടിരിക്കുകയാണ്. അയോഗ്യതയോടെ കർത്താവിന്റെ ബലിപീഠത്തെ സമീപിച്ചതിനും അയോഗ്യതയോടെ പരിശുദ്ധ പരമദിവ്യകാരുണ്യത്തെ ഉൾക്കൊണ്ടതിനും നാം പരിഹാരം ചെയ്യേണ്ടതല്ലേ? ബലിയെയും ബലിപീഠത്തെയും നിസ്സാരവൽക്കരിക്കുകയും ദൈവാരാധനയ്ക്ക് പകരം മനുഷ്യരെ ആരാധിക്കുകയും ചെയ്യുന്ന ഒരു ജീവിത സമ്പ്രദായത്തിന്റെ ഇടയിൽ പൗരോഹിത്യത്തിന്റെ, അത് ശുശ്രൂഷാ പൗരോഹിത്യത്തിന്റെയും രാജകീയ പൗരോഹിത്യത്തിന്റെയും അഭിഷേകത്തോടെ സജീവ ക്രിസ്തീയ ജീവിതം നയിക്കുന്നതിനുള്ള സമയമായി! അതേ! ദൈവത്തിനു മാത്രം പരമമായ സ്ഥാനം! മനുഷ്യർക്ക് സ്നേഹവും കരുണയും!

ദൈവം തന്റെ കരുണയും അനുഗ്രഹങ്ങളും നിങ്ങൾ ഓരോരുത്തരുടെമേലും നമ്മുടെ സഭയുടെമേലും വർഷിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ!

എന്ന്,
കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,

**✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

---

N.B: ഈ പ്രബോധനം നമ്മുടെ വിശ്വാസികളെ അറിയിക്കേണ്ടതാണ്.